24/01/2026

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU. KS** **Editor: Dr. G.Pramodkumar**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/01/2026

1. 2026 ഫെബ്രുവരി 11 മുതൽ 15 വരെ തിരുവനന്തപുരം ആനയറ കാർഷിക മൊത്ത വ്യാപാര വിപണി കോമ്പൗണ്ടിൽ വൈഗ 2026 സംഘടിപ്പിക്കുന്നു. പ്രകൃതികൃഷിയിലൂടെ ഭക്ഷ്യ സുരക്ഷയും പൊതുജന ആരോഗ്യവും, കാർഷിക മൂല്യവർ ദ്ധദ്ധനവ്, പ്രോസസ്സിംഗ്, പാക്കേജിംഗ്, ബ്രാൻഡിംഗ്, വിപണന സംവിധാനങ്ങൾ, കാർഷിക യന്ത്രവത്ക്കരണം, അഗ്രി-സ്റ്റാർട്ടപ്പുകൾ, ഡിജിറ്റൽ കാർഷിക സാങ്കേതികവിദ്യകൾ, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, അഗ്രി-ഫിനാൻസ്, കയറ്റുമതി സാധ്യതകൾ, തുടങ്ങിയ വിഷയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ് വൈഗ 2026 സംഘടിപ്പിക്കുന്നത്. അഗ്രി-ഹോർട്ടി --ഉത്പന്നങ്ങളുടെ പ്രദർശന സ്റ്റാളുകൾ ഉൾപ്പെടുന്ന വിപുലമായ എക്സിബിഷൻ, കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്ന സെമിനാറുകളും ശില്പശാലകളും, ബിസിനസ് ടു ബിസിനസ് (B2B) മീറ്റുകൾ, DPR ക്ലിനിക്കുകൾ, നിക്ഷേപ സാധ്യതകൾ സംബന്ധിച്ച ചർച്ചകൾ, കർഷക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ എന്നിവ വൈഗ 2026-ൻറെ

ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാദിവസവും വൈകുന്നേരങ്ങളിൽ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്. കർഷകർക്കും സംരംഭകർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന, വൈഗ 2026-നെ ഉയർത്തിക്കാട്ടു ന്നതിലൂടെ കേരളത്തെ കാർഷിക മൂല്യശൃംഖല വികസനത്തിന്റെ ദേശീയ-അന്തർദേശീയ കേന്ദ്രമായി സ്ഥാപിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

2. നാളികേര വികസന ബോർഡിൻ്റെ വിവിധ അവാർഡുകൾക്കുള്ള എൻട്രികൾ 2026 ജനുവരി 25 വരെ സ്വീകരിക്കുന്നു. രാജ്യത്തെ പരമ്പരാഗതമായി തെങ്ങ് കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിലെ മികച്ച നാളികേര കർഷകൻ, പരമ്പരാഗതമായി തെങ്ങ് കൃഷി ഇല്ലാത്ത സംസ്ഥാനങ്ങളിലെ മികച്ച നാളികേര കർഷകൻ, മികച്ച നാളികേര സംസ്കരണ സംരംഭകൻ, മികച്ച നാളികേര വിജ്ഞാന വ്യാപന ഉദ്യോഗസ്ഥൻ, മികച്ച തെങ്ങ് കയറ്റക്കാരൻ, സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള മികച്ച നാളികേര സംസ്കരണ യൂണിറ്റ് എന്നിങ്ങനെ ആറ് വിഭാഗങ്ങളിലാണ് അവാർഡ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നല്കുക. നാളികേര കൃഷിയുടെയും വ്യവസായത്തിൻ്റെയും മേഖലകളിൽ മികച്ച സംഭാവനകൾ നല്കുന്ന പ്രതിഭകളെ പുരസ്കാരം നല്കി ആദരിക്കുക എന്നതാണ് അവാർഡു വിതരണത്തിലൂടെ ലക്ഷ്യമാക്കുന്നത്. https://coconutboard.gov.in/CDBNationalAward_2022-24.htm വിലാസത്തിൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2026 ജനുവരി 25 ആണ്. കൂടുതൽ വിവരങ്ങൾക്ക് ബോർഡിൻ്റെ വെബ്സൈറ്റായ www.coconutboard.gov.in സന്ദർശിക്കാവുന്നതാണ്.

3. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് & പ്രോസസ്സിങ് ഡിവിഷനിൽ 'ജൂനിയർ എഞ്ചിനീയർ ഇലക്ട്രിക്കൽ' -നെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നു. ഉദ്യോഗാർത്ഥികൾ അംഗീകൃത സർവ്വകലാശാല/ബോർഡിൽ നിന്ന് ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ ബിടെക് ബിരുദമെടുത്ത ശേഷം രണ്ടു വർഷത്തെ പ്രവർത്തിപരിചയമോ, മൂന്നുവർഷത്തെ ഡിപ്ലോമ എടുത്ത ശേഷം മൂന്നുവർഷത്തെ പ്രവർത്തിപരിചയമോ ഉള്ളവരായിരിക്കണം. അപേക്ഷകർക്ക് 2026 ജനുവരി ഒന്നിന് 30 വയസ്സ് കവിയാൻ പാടില്ല.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത, പ്രവർത്തിപരിചയം, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നിശ്ചിത ഫോറത്തിൽ ജോയിന്റ് ഡയറക്ടർ (എഞ്ചിനീയറിങ്), എഞ്ചിനീയറിങ് & പ്രോസസ്സിങ് ഡിവിഷൻ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി. ഒ., കോട്ടയം -686009 എന്ന വിലാസത്തിൽ 2026 ജനുവരി 30-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മുമ്പ് ലഭിക്കത്തക്കവിധം അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

4. പൂക്കോട് വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള ഇൻസ്ട്രക്ഷണൽ ലൈവ്സ്റ്റോക്ക് ഫാമിൽ 100 ടണ്ണിൽ പരം ചാണകം കിലോയ്ക്ക് 1.75 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. ആവശ്യക്കാർ സ്വന്തം നിലയിൽ ലോഡ് ചെയ്ത് കൊണ്ടുപോകാവുന്നതാണ്. **ഫോൺ നമ്പർ: 8848350105, 9497720137.**

## പരിശീലന പരിപാടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന "CENTRE FOR AGRICULTURAL INNOVATIONS AND TECHNOLOGY TRANSFER" (CAITT)വിവിധ വിഷയങ്ങളിൽ ഏകദിന പരിശീലനം നൽകുന്നു. ജനുവരി 28 ന് എക്സോട്ടിക്ക് ഫ്രൂട്ട് ക്രോപ്പ്സിൻറെ കൃഷി രീതികൾ, 31ന് കുരുമുളക് കൃഷി എന്നീ വിഷയങ്ങളിലാണ് പരിശീലനം. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ caittvellayani@kau.in എന്ന വിലാസത്തിലേക്ക് ഇമെയിൽ അയക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം